**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2474** **12-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിലവിൽ ജനറൽ മാനേജർ ഉണ്ടോയെന്ന് അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജരുടെ അധിക ചുമതല നിലവിൽ പ്രസ്തുത ഓഫീസിലെ മാനേജർ (ക്രഡിറ്റ്) ശ്രീ.സജിത്ത് കുമാർ.കെ ആണ് വഹിക്കുന്നത്. 12.11.2020 തീയതി മുതലാണ് ടിയാൻ ജനറൽ മാനേജരുടെ അധിക ചുമതലയേറ്റിട്ടുള്ളത്. |
| (ബി) | ഇല്ലെങ്കിൽ ജനറൽ മാനേജരുടെ ചുമതല നിലവിൽ ആർക്കാണ്; എന്നുമുതലാണ് ചാർജ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജരുടെ അധിക ചുമതല നിലവിൽ പ്രസ്തുത ഓഫീസിലെ മാനേജർ (ക്രഡിറ്റ്) ശ്രീ.സജിത്ത് കുമാർ.കെ ആണ് വഹിക്കുന്നത്. 12.11.2020 തീയതി മുതലാണ് ടിയാൻ ജനറൽ മാനേജരുടെ അധിക ചുമതലയേറ്റിട്ടുള്ളത്. |
| (സി) | പുതിയ ജനറൽ മാനേജരെ എപ്പോൾ നിയമിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | ഡി.പി.സി. (ഹയർ) കഴിഞ്ഞ് സെലക്ട് ലിസ്റ്റ് നിലവിൽ വന്നതിന് ശേഷം ഡെപ്യൂട്ടി ഡയറക്ടർ മാനേജർ തസ്തികയിലുള്ളവർക്ക് സ്ഥാനക്കയറ്റം നൽകി ജനറൽ മാനേജരായി നിയമിക്കാൻ കഴിയുകയുള്ളൂ. ഡിപിസി (ഹയർ) ചേരുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| (ഡി) | ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിലവിൽ ഏതൊക്കെ ഉദ്യോഗസ്ഥ ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിൽ ജനറൽ മാനേജർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, 3 വ്യവസായ വികസന ഓഫീസർ എന്നീ തസ്തികകളിലാണ് നിലവിൽ ഒഴിവുകൾ ഉള്ളത്. ജനറൽ മാനേജർ തസ്തികയിലെ ഒഴിവ് നികത്തുന്നതിലേയ്ക്ക് പ്രസ്തുത തസ്തികയിലെ ഡിപിസി (ഹയർ) കൂടി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവ് പ്രതീക്ഷിത ഒഴിവായി 28/12/2018-ൽ കേരള പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വ്യവസായ വികസന ഓഫീസർ തസ്തികയിലെ 3 ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി- |

| | | | |
|---|---|---|---|
| | | | നിയമന ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ